# നമ്മുടെ ഭരണഘടന

Jawahar Balbhavan & Children's Library,
KOTTAYAM.

ടി. എസ്സ്. നമ്പൂതിരി

NAMMUTE BHARANAGHATANA
A book for children
Author:
T. S. Nambudiri
Year of Publication 1960
1st Imp. copies 1000
Price Re. 0-50
Printing:
Udaya Press, Cherpalcheri
Cover: A. S. Nair
Publication:
Udaya Publications,
College Road,
Palghat-1

നമ്മുടെ ഭരണഘടന
ബാലസാഹിത്യം
ഗ്രന്ഥകർത്താവ്:
ടി. എസ്സ്. നമ്പൂതിരി
പ്രസിദ്ധീകരണവർഷം 1960
ഒന്നാംപതിപ്പ് കോപ്പി 1000
വില ക 0-50
അച്ചടി:
ഉദയാ പ്രസ്സ്, ചെർപ്പുളശ്ശേരി
കവർ: എ. എസ്. നായർ
പ്രസിദ്ധീകരണം:
ഉദയാ പബ്ലിക്കേഷൻസ്,
കോളേജ് റോഡ്, പാലക്കാട്-1

# നമ്മുടെ ഭരണഘടന

4498

Jawahar Balbhavan & Children's Library,
KOTTAYAM.

ടി. എസ്സ്. നമ്പൂതിരി

NATIONAL BOOK STALL
SPCS LTD.
KOTTAYAM.

ഉദയാ പബ്ലിക്കേഷൻസ്

പാലക്കാട് — 1

## പ്രസ്താവന

ഭരണഘടനയിലെ ഓരോ വകുപ്പുകളേയും വെവ്വേറെയെടുത്തു് വിശകലനം ചെയ്യുന്നതു് നിയമപണ്ഡിതന്മാക്കു് ഒരു വിനോദമായിരിയ്ക്കുമെങ്കിലും, കുട്ടികഠംക്കു് അതു് പൊറുക്കാനാവാത്ത ഒരു ബോറായിരിക്കും. ആ മഹാപാപം ചെയ്യണമെന്നു് ഞാൻ ഒരിയ്ക്കലും ഉദ്ദേശിച്ചിട്ടില്ല.

എങ്കിലും ഈ വിഷയത്തിൻെറ പ്രത്യേകതകഠംകൊണ്ടു് മുൻചൊന്ന 'പാപ'ത്തിൽ നിന്നു് പൂണ്ണമായ വിമുക്തിലഭിയ്ക്കുകയില്ലെന്നു് എനിയ്ക്കുതന്നെ ബോദ്ധ്യമുണ്ടു്.

നമ്മുടെ റിപ്പബ്ലിക്കിൻെറ നട്ടെല്ലായ ഭരണഘടനയെ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതു് ദേശസ്നേഹപരമായ ഒരാവശ്യമാണെന്നു തോന്നിയതിനാലാണു്, ഞാൻ ഈ സാഹസത്തിന്നു മുതിന്നതു്. പ്രിയപ്പെട്ട കുട്ടികളെ, ക്ഷമിയ്ക്കുക!

പെരിന്തൽമണ്ണ,
9-5-'60. } ടി. എസ്സ്. നമ്പൂതിരി

# നമ്മുടെ ഭരണഘടന

കൊച്ചുഭാസിയുടെ നാട്ടിൽ അന്നു തിരഞ്ഞെടുപ്പു ദിവസമാണ്. കുറച്ചുനാളായി ആ നാട്ടിൽ വലിയ കോലാഹലമായിരുന്നു. അന്നൊരിക്കൽ ആയിരം പന്തം കൊളുത്തി ഒരു ഘോഷയാത്രയുണ്ടായി. കത്തിയാളുന്ന നൂറുനൂറു പന്തങ്ങൾ വരിവരിയായി അങ്ങിനെ നീങ്ങുന്നതു് നോക്കിനില്ക്കാൻ എന്തൊരു രസമാണെന്നൊ! അതിൻെറ പിറേറന്നു് കണ്ടതു് അതിലും അത്ഭുതകരമായിരുന്നു. നൂറു് ഇരട്ടക്കാളകൾ വലിക്കുന്ന ഒരു വണ്ടി. അതിൽ ആനയോളം പോന്ന ഒരു പെട്ടിയും–പെട്ടിമേൽ രണ്ടു കൂററൻ കാളകളുമുണ്ടു്. അതങ്ങിനെ നോക്കിനില്ക്കാൻ നല്ല രസംതന്നെയാണ്. ആളുകൾ ഇങ്ങിനെ പാട്ടുപാടി നൃത്തംവെക്കുന്നതും, ആവേശംതുള്ളി പ്രസംഗിക്കുന്നതും എല്ലാമെന്തിനാണ്? വോട്ടിനുവേണ്ടിയാണത്രെ. ഈ വോട്ടെന്നു പറ

യുന്നതു് നല്ല ഒരു കാര്യമാണെന്നു് ഭാസിക്കു തോന്നി. ഏതായാലും ഈ വോട്ടിൻെറ വരവും കാത്തു് അവൻ അക്ഷമനായിരുന്നു.

വോട്ടുദിവസം വന്നു. ഒരു പൂരത്തിന്നു പുറപ്പെടുന്ന ഉത്സാഹത്തോടെയാണു് അച്ഛൻ പുറപ്പെടുന്നതു്. നേരത്തെ എണീററു് കുളിയും പ്രാതലും കഴിച്ചു. അലക്കിയ ഷർട്ടും മുണ്ടും അണിഞ്ഞു് ഒരുങ്ങുകയാണു്. ഭാസിയുടെ വിചാരം അവനേയും കൂടെകൊണ്ടുപോകുമെന്നായിരുന്നു. അച്ഛൻെറ വിളി കേൾക്കാൻ മോഹിച്ചു് അദ്ദേഹത്തിൻെറ മുമ്പിൽ അവൻ കുറച്ചുനേരം നില്ക്കുകതന്നെചെയ്തു. പക്ഷെ ഫലമെന്തു്? "മോനെ, ഞാൻ വോട്ടു ചെയ്തു് വേഗം വരാം, കേട്ടൊ" എന്നു് മധുരവാക്കും പറഞ്ഞു് അച്ഛൻ കുത്തനെ നടക്കുകയാണു് ചെയ്തതു്.

കഷ്ടംതന്നെ! ഇതവൻ ഒരിക്കലും പ്രതീക്ഷിച്ചതല്ല. അച്ഛൻ പോകുന്നിടത്തൊക്കെ കൂടെ പോകാനാഗ്രഹിയ്ക്കാത്ത ഏതൊരു കുട്ടിയാണുള്ളതു്? പോരെങ്കിൽ അന്നുവരേയും ഏതു പൂരത്തിനും താലപ്പൊലിക്കും അച്ഛൻ ഭാസിയെ കൂടെക്കൊണ്ടുപോയിട്ടുണ്ടു്. അച്ഛനെക്കുറിച്ചു് അവന്നു് വലിയ സ്നേഹമാണുതാനും. എന്നിട്ടും ഈ വോട്ടുകാണാൻ എന്തേ അച്ഛൻ തന്നെ കൊണ്ടുപോവാഞ്ഞതു്? അതും ഭാസിയുടെ സ്കൂളിൽവെ

ച്ചുന്നടക്കുന്ന വോട്ടം! അവന്നു് വല്ലാത്ത കുണ്ഠിതം തോന്നി.

Jawahar Balbhavan & Children's Library,
KOTTAYAM.

അച്ഛനോട്ടു് ഒന്നു ചോദിച്ചാലൊ? അതെ— അങ്ങിനെതന്നെ. ഭാസി അവൻെറ മനസ്സിൽ ഉള്ള തെന്തും അച്ഛനോട്ടു് തുറന്നു ചോദിക്കാറുണ്ടു്. അച്ഛ നിൽനിന്നു് ഒന്നും മറച്ചുപിടിക്കുന്നതു് അവന്നിഷ്ടമി ല്ല. പിന്നെ, അച്ഛന്നു് അങ്ങിനെ ചോദിക്കുന്നതു് സന്തോഷകരമാണുതാനും.

അച്ഛൻ മടങ്ങിവന്നു്, ഊണു കഴിഞ്ഞു് വിശ്രമി ക്കാൻ പോയി. ഇതുതന്നെയാണു് പററിയ സമയം. ഭാസി നേരെ അച്ഛൻെറ മുറിയിലേക്കു ചെന്നു. അവ നെന്തൊക്കെയൊ ചോദിക്കാനുണ്ടു്. അവൻെറ ചുവ ന്ന കവിളുകരം ആ സംഗതി വിളിച്ചു പറയുന്നുണ്ടായി രുന്നു.

അച്ഛൻ ഭാസിയെ അരികത്തേക്കു വിളിച്ചു പുറ ത്തു തലോടിക്കൊണ്ടു ചോദിച്ചു: "എന്തു വേണം, മോനെ?"

"അച്ഛൻ.... എന്നെ.... എന്നെയെന്തെ വോട്ടിന്നു കൊണ്ടുപോവാഞ്ഞതു്?" ഭാസി ഒരുവിധം പറഞ്ഞൊ പ്പിച്ചു.

"ഓഹൊ.... അതാണൊ കാര്യം. പിന്നെ, ഈ വോട്ടു ചെയ്യുന്നിടത്തു് ഒരു 'ചുക്കും' കാണാനില്ല. നിൻെറ സ്കൂളു് നീ നിത്യവും കാണാറുള്ളതാണല്ലൊ."

"എന്നാലും ഈ നാട്ടിലുള്ളവരെല്ലാം വോട്ടു ചെയ്യുമ്പോഠം എനിക്കെന്താ വോട്ടുചെയ്താൽ?"

"വ്യസനിക്കേണ്ടാ, മോനെ. നിനക്കും വോട്ടുചെയ്യാറാവും. നിനക്ക പതിനൊന്നു വയസ്സല്ലേ ആയുള്ളു? ഇനി ഒരു പത്തുകൊല്ലം കഴിഞ്ഞാൽ, ഒരു വലിയ ആളാവുമ്പൊ, നിനക്കും അച്ഛൻെറകൂടെ വോട്ടു ചെയ്യാൻ വരാം. ഇരുപത്തൊന്നു വയസ്സുള്ള ഏതൊരിന്ത്യക്കാരനും, വോട്ടുചെയ്യാനവകാശമുണ്ടു്"

"എന്താണച്ഛാ ഈ വോട്ടെന്നു് വെച്ചാൽ?"

"വോട്ടെന്നു് പറഞ്ഞാൽ ഒരാളുടെ ഏററവും വലിയ അവകാശമാണു്. നമ്മുടെ നാട്ടിലെ ഭരണം, എങ്ങിനെയാവണമെന്നും, ആരു നടത്തണമെന്നും തീരുമാനിക്കാൻ ഓരോ പൌരനും അവകാശമുണ്ടു്. വോട്ടവകാശമാണു് ജനാധിപത്യത്തിൻെറ ജീവൻ."

"ജനാധിപത്യം എന്നാലെന്താണച്ഛാ"

"ജനങ്ങഠംക്കവേണ്ടി ജനങ്ങഠംതന്നെ നടത്തുന്ന ഭരണമാണു് ജനാധിപത്യം. ജനങ്ങഠം തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികളാണു്, ഭരണം നടത്തുക; ജനങ്ങഠംക്കിഷ്ടമുള്ള നിയമങ്ങഠം ആണു് നിർമ്മിക്കുക; ജനാധിപത്യത്തിൻെറ നേട്ടം അതാണു്. നേരെ മറിച്ചു് ഒരു രാജവാഴ്ചയിലാവട്ടെ, ഭരണം നടത്തുക ജന

ങ്ങളോട്ട ഉത്തരവാദിത്വമില്ലാത്ത രാജാക്കന്മാരാണു്. ഒരു രാജാവു പോയാൽ വരുന്നതു് പോയ രാജാവിന്റെ അനന്തിരവന്മാരാണു്. അവർ ഉണ്ടാക്കുന്ന നിയമങ്ങളൊ, എല്ലാം തന്നിഷ്ടമനുസരിച്ചുള്ളവയാണു്."

"പണ്ടു് നമ്മുടെ രാജ്യം ഭരിച്ചിരുന്നതു് രാജാക്കന്മാരായിരുന്നല്ലൊ, അല്ലെ, അച്ഛാ!"

"അതെ, പണ്ടു് നമ്മുടെ രാജ്യം എന്നല്ല, ലോകത്തിൽ എല്ലായിടത്തും, എന്നുതന്നെ പറയാം, രാജവാഴ്ചയായിരുന്നു. ആദ്യത്തിൽ രാജവാഴ്ച പല നന്മകളും ലോകത്തിന്നു വരുത്തിയിട്ടുമുണ്ടു്. രാജാവ് നന്നായാൽ ഭരണവും നന്നായി. നല്ല രാജാക്കന്മാരുടെ ഭരണം ജനങ്ങളുടെ ഇഷ്ടം നോക്കിയുള്ളതാണു്. നല്ല രാജാക്കന്മാരിൽ എന്തുകൊണ്ടും ഒന്നാമനായ ശ്രീരാമൻ പൊതുജനാഭിപ്രായത്തെ മാനിച്ചു് തനിക്കു ജീവനിൽ ജീവനായ സീതാദേവിയെ ഉപേക്ഷിച്ച കഥ നീ കേട്ടിട്ടില്ലെ?"

"ഉവ്വു്, അച്ഛാ! ശ്രീരാമന്റെ കഥ എനിക്കു് എത്ര കേട്ടാലും മതിയാവില്ല."

"ശരിയാണതു്, മനുഷ്യനെ എന്നുമെന്നും കോരിത്തരിപ്പിക്കുന്ന വികാരസമ്പൂർണ്ണമായ ഒരു കഥയാണു് രാമായണം. ശ്രീരാമനുശേഷവും നമ്മുടെ നാട്ടിൽ മഹാന്മാരായ രാജാക്കന്മാർ ഉണ്ടായിട്ടുണ്ടു്. അശോകൻ, അക്ബർ എന്നീ രാജാക്കന്മാർ രാജവാഴ്ച നല്ല

തായാൽ എങ്ങിനെയെന്നു് നമുക്കു കാണിച്ചുതരുന്നു. എന്നാൽ നല്ല രാജാക്കന്മാർ എണ്ണത്തിൽ കുറവാണു്. താന്തോന്നികളായ രാജാക്കന്മാർ ഏറിവന്നതുകൊണ്ടാണു് ആ ഭരണസമ്പ്രദായം ലോകത്തിൽനിന്നു് അപ്രത്യക്ഷമാവാൻ തുടങ്ങിയതു്."

"ഇംഗ്ലണ്ടിൽ ഇന്നും രാജ്ഞിയുണ്ടല്ലൊ, അവിടെ ഇപ്പോഴും രാജവാഴ്ചയല്ലേ?"

"ഇംഗ്ലണ്ടു്, ജപ്പാൻ, നെപ്പാൾ തുടങ്ങിയ ചില രാജ്യങ്ങളിൽ രാഷ്ട്രത്തലവന്മാർ ഇന്നും രാജാക്കന്മാരാണു് എന്നതു് സത്യമാണു്. എന്നാൽ അവർ നാമമാത്രരാജാക്കന്മാരാണു്. പണ്ടത്തെ രാജാക്കന്മാരെപ്പോലെ യാതൊരവകാശവും അവർക്കില്ല. ആ രാജ്യങ്ങളിലെ യഥാർത്ഥ ഭരണാധികാരികൾ തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിമാരാണു്."

"രാജാക്കന്മാർ നല്ലവരാണെങ്കിൽ, പിന്നെ രാജവാഴ്ച അവസാനിപ്പിക്കാൻ കാരണമെന്താണച്ഛാ?"

"രാജവാഴ്ച മോശമായിത്തീർന്നതുകൊണ്ടാണു് അതു് അവസാനിക്കാനിടയായതു്. രാജാക്കന്മാർ തങ്ങളുടെ അധികാരങ്ങൾക്കുറവിടം ജനങ്ങളാണെന്ന കഥ മറന്നു്, അഹങ്കാരികളായിത്തീർന്നു. അവർ ജനങ്ങളുടെ ഇഷ്ടം പുല്ലാക്കിത്തള്ളി. രാജാക്കന്മാരുടെ ഉത്തരവാദിത്വം ചൂണ്ടിക്കാണിച്ച നല്ല ജനങ്ങളെ മർദ്ദിച്ചു.

അതു പൊറുക്കാനാവാതെ ജനങ്ങൾ സംഘടിച്ചു. ജനകീയശക്തി ഉയിർത്തെഴുന്നേററു. അതിൻെറ ഇരുമ്പുമുഷ്ടിയിൽ രാജവാഴ്ച അമർന്നുപോയി. ഫ്രഞ്ചുവിപ്ലവത്തിൻെറ കഥ അതാണു് നമ്മെ പഠിപ്പിക്കുന്നതു്. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൻെറ കഥ അതാണു് നമ്മോടു് പറയുന്നതു്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രം അതാണു് നമ്മെ പഠിപ്പിക്കുന്നതു്"

Jawahar Balbhavan & Children's Library
KOTTAYAM.

"അതിനു്, നാം പൊരുതിയതു് വെള്ളക്കാരോടല്ലേ, രാജവാഴ്ചയോടല്ലല്ലോ."

"വെള്ളക്കാരോടു് എന്നാൽ വെള്ളക്കാരുടെ രാഷ്ട്രത്തലവനായ രാജാവിനോടു്തന്നെ. രാജവാഴ്ചയിൽ ഉണ്ടാവുന്നതിലുമധികം അടിമത്തമാണു് നമ്മുടെ നാട്ടുകാർക്കു് അനുഭവിക്കേണ്ടിവന്നതു്. നമ്മുടെ സ്വന്തം മാതൃഭൂമിയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ നമുക്കു് യാതൊരവകാശവുമുണ്ടായിരുന്നില്ല. നമ്മുടെ നാടു് നശിപ്പിക്കുന്നതു് നോക്കിനിൽക്കാനുള്ള സ്വാതന്ത്ര്യമേ നമുക്കുണ്ടായിരുന്നുള്ളു. പക്ഷെ, അധികം നാൾ നാം അതു നോക്കിനിന്നില്ല. നാം ഗാന്ധിജിയുടെ നേതൃത്വത്തിൽ സമരക്കളത്തിലിറങ്ങി. നമ്മുടെ സമരം വിജയിച്ചു. ഇന്ത്യയുടെ ഭാഗധേയം ഇന്ത്യയിലെ ജനങ്ങളുടെ കൈകളിലേക്കു വന്നുചേർന്നു—അങ്ങിനെ ഇന്ത്യക്കാരനു ലഭിച്ച മഹത്തായ അവകാശത്തിൻെറയും, ഉത്തരവാദിത്വത്തിൻെറയും ഒരടയാളമാണു് ഓ

രോ ഇന്ത്യക്കാരനിലും അർപ്പിക്കപ്പെട്ട വോട്ടവകാശം. അതു മനസ്സിലാക്കിവേണം ഒരാറം വോട്ടുചെയ്യുന്നതു്. കാരണം വോട്ടിലൂടെയാണു് ജനങ്ങറം രാജ്യത്തിൻെറ ഭരണത്തെ നിയന്ത്രിക്കുന്നതു്."

"അതെങ്ങിനെയാണച്ഛാ?"

"അതൊ പറയാം. ഈ നാട്ടിൽ കുറെ പാർട്ടികളുണ്ടു്. ഓരോ പാർട്ടിയും ഓരോ ആദർശങ്ങളെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. തിരഞ്ഞെടുപ്പുകാലത്തു് അവർ ജനങ്ങളോടു പറയും: 'നിങ്ങറം ഞങ്ങറംക്കു വോട്ടു തന്നാൽ, ഞങ്ങറം ഇന്നിന്ന പരിഷ്കാരങ്ങറം വരുത്തു'മെന്നു്. തിരഞ്ഞെടുപ്പുകാലത്തു് സ്ഥാനാർത്ഥികറം പ്രസംഗിക്കാറുള്ളതു് നീ കേട്ടിട്ടില്ലേ?"

"ഉവ്വു്, അച്ഛാ. പക്ഷെ എനിക്കു് മീററിങ്ങിലെ പ്രസംഗത്തേക്കാറം ഇഷ്ടം പാട്ടാണു്."

"പക്ഷെ പാട്ടിനേക്കാറം ശ്രദ്ധിക്കേണ്ടതു് അവരുടെ പ്രസംഗമാണു്."

"അതെന്തിനാണു്?"

"കാരണം അവർ ഏതെല്ലാം പരിഷ്കാരങ്ങറം വരുത്തുമെന്നറിയേണ്ടതു് ആവശ്യമാണു്. നല്ല നിയമങ്ങറം പാസ്സാക്കുമെന്നു് വാഗ്ദാനം ചെയ്യുന്നവക്കു നമ്മ

ക്ക വോട്ടു കൊടുക്കണം. ജനങ്ങൾ ഏററവുമധികം വോട്ടുകൊടുക്കുന്ന സ്ഥാനാർത്ഥി ജയിക്കും. അങ്ങിനെ ഏററവുമധികം സ്ഥാനാർത്ഥികൾ ജയിക്കുന്ന പാർട്ടി ഭരിക്കുകയും ചെയ്യും. ഭരണം കിട്ടിയാൽ അവർ തിരഞ്ഞെടുപ്പുകാലത്തു് ജനങ്ങളോടുചെയ്ത വാഗ്ദാനങ്ങൾ നടപ്പിൽ വരുത്തും."

"ഏററ കാര്യങ്ങൾ നടപ്പിൽ വരുത്തിയില്ലെങ്കിലൊ?"

"അതിനു വഴിയുണ്ടു്. ഒരിക്കൽ ഒരു പാർട്ടിയുടെ സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കുന്നതു് അഞ്ചു കൊല്ലത്തേക്കുമാത്രമാണു്. ആ പാർട്ടി തിരഞ്ഞെടുപ്പുകാലത്തുചെയ്ത വാഗ്ദാനങ്ങൾ നടപ്പിൽ വരുത്തിയില്ലെങ്കിൽ, അടുത്ത തിരഞ്ഞെടുപ്പുകാലത്തു് ആ പാർട്ടിയുടെ സ്ഥാനാർത്ഥിക്കു് ആരും വോട്ടുകൊടുക്കുകയില്ല. അങ്ങിനെ വാഗ്ദാനം നിറവേററാത്ത പാർട്ടിയെ അഞ്ചുകൊല്ലം കഴിഞ്ഞാൽ അധികാരത്തിൽനിന്നു നീക്കം ചെയ്യാനും, തങ്ങൾക്കിഷ്ടപ്പെട്ട പാർട്ടിയെ ഭരണാധികാരം ഏല്പിച്ചു കൊടുക്കാനും, ജനങ്ങൾക്കു കഴിവുണ്ടു്."

"അപ്പൊ-അതിനു് അഞ്ചുകൊല്ലം കാത്തിരിക്കണ്ടെ?".

"അതു വേണം. അല്ലാതൊക്കുകയില്ല. നിൻെറ പിറന്നാളുപോലെ കൊല്ലംതോറും തിരഞ്ഞെടുപ്പു നടത്തിയാൽ സക്കാർ പാപ്പരാവും. തിരഞ്ഞെടുപ്പു നടത്താൻ ലക്ഷക്കണക്കിൽ രൂപാ വേണം. പിന്നെ, ഏററ കാര്യങ്ങൾ നടപ്പിൽ വരുത്താനും അവക്കു കുറച്ചു സമയം നൽകേണ്ടതല്ലേ?"

ഭാസിക്കു സംഗതികൾ മനസ്സിലായിവരുന്നുണ്ടു്. രാജവാഴ്ചയും, ജനാധിപത്യഭരണസമ്പ്രദായവും തമ്മിലുള്ള വ്യത്യാസം അവനു് മനസ്സിലായിക്കഴിഞ്ഞു. ജനാധിപത്യവ്യവസ്ഥയിൽ പാർട്ടികളുടെ പ്രാധാന്യവും അവനു് മനസ്സിലായി. ജനാധിപത്യത്തിൽ ഈ വോട്ടിൻെറ പ്രാധാന്യം അവൻ മനസ്സിലാക്കിക്കഴിഞ്ഞു. പക്ഷെ വോട്ടു ചെയ്യുന്നതെങ്ങിനെയെന്നു് ചോദിയ്ക്കാൻ അവൻ മറന്നു.

"അച്ഛാ, എങ്ങിനെയാണു് വോട്ടുചെയ്യുക?"

"വോട്ടു ചെയ്യുന്നതെങ്ങിനെയെന്നല്ലെ? അത്ര പ്രയാസമുള്ളതൊന്നുമല്ല. ആദ്യം ചെല്ലുന്നിടത്തു് വോട്ടർപട്ടികയുമായി ഒരാൾ ഇരിക്കുന്നുണ്ടാവും. അയാളോടു് പേരും, വീട്ടുപേരും പറഞ്ഞുകൊടുത്താൽ അയാൾ കൈവശമുള്ള പട്ടികയിൽ പരിശോധിയ്ക്കും. ആ പട്ടികയിലുള്ള പേരാണെന്നു തൃപ്തിപ്പെട്ടാൽ, ആ വോട്ടറുടെ വിവരങ്ങൾ കുറിച്ചു ഒരു ശീട്ടു നൽകും. ആ

ശീട്ട് അടുത്ത ഉദ്യോഗസ്ഥനു് കാണിച്ചുകൊടുത്താൽ അയാൾ ഇടത്തെ കയ്യിൻെറ ചൂണ്ടുവിരലിന്നു താഴെ ഒരടയാളം കുത്തും."

"അതെന്താണച്ഛാ? അച്ഛൻെറ കയ്യിൽ അടയാളമെവിടെ?"

"ദേ-നോക്കു-ഇടത്തെ കയ്യിന്മേൽ കാണുന്നില്ലേ? ഒരു മഷിത്തുള്ളിയുടെ മട്ടിൽ? എന്താ-നീ-മാച്ചുനോക്കുകയാണൊ?"

"എൻെറ കയ്യിന്മേൽ മഷിവീണാൽ ഞാൻ നുള്ളി, നുള്ളിക്കളയാറുണ്ടു്."

"പക്ഷെ ഇതു് അങ്ങിനെയൊന്നും പോവാത്തതാണു്. ഇതു് സാധാരണമഷിയല്ല-മായാത്ത മഷിയാണു്."

"എന്തിനാണച്ഛാ ഇങ്ങിനെ അടയാളം കുത്തുന്നതു്?"

"ഇങ്ങിനെ അടയാളം കുത്തിയില്ലെങ്കിൽ, ഒരാൾ തന്നെ മറെറാരാളുടെപേരിൽ വോട്ടുചെയ്യാൻ വന്നാൽ തിരിച്ചറിയാൻ കഴിയില്ല. ഒരാൾ പേരുമാറി വോട്ടു ചെയ്യുന്നതു് തടയാൻ ഓരോ വോട്ടറുടേയും ഫോട്ടോകൾ, വോട്ടർപട്ടികയിൽ സൂക്ഷിക്കുന്ന ഒരു സമ്പ്രദായം ഇയ്യിടെ കൽക്കത്താനഗരത്തിൽ പരീക്ഷിക്കുകയുണ്ടാ

യി. പട്ടികയിലെ ഫോട്ടോവും, വരുന്നാളുടെ ഛായയും തമ്മിൽ ഒത്തുനോക്കി ശരിയാണ് എന്നു ബോദ്ധ്യപ്പെട്ടാലെ വോട്ടു ചെയ്യുവാൻ അനുവദിക്കുകയുള്ളു. ഇതിൻെറയെല്ലാം ഉദ്ദേശം ഒരാറം ഒരു പ്രാവശ്യമെ വോട്ടുചെയ്യാൻ പാടുള്ളുവെന്നതാണ്."

"അപ്പൊ-വോട്ടുചെയ്യുന്നതെങ്ങിനെയെന്ന് പറഞ്ഞില്ലല്ലൊ, അച്ഛാ?"

"അതു പറയാൻ തുടങ്ങിയപ്പോഴേക്കും മററു ചോദ്യങ്ങറം ചോദിച്ചിട്ടല്ലെ? ഇടത്തെ കയ്യിന്മേൽ ആ അടയാളം വെച്ചുകഴിഞ്ഞാൽ, വോട്ടറുടെ കയ്യിൽ ബാലട്ടു കടലാസ്സു കൊടുക്കും."

"എന്താണച്ഛാ ബാലട്ടു കടലാസ്സ്?"

"ബാലട്ടുകടലാസ്സ് എന്നു പറഞ്ഞാൽ വോട്ടുകടലാസ്സാണ്. അവ അച്ചടിക്കുന്നതും പോളിങ്ങ് ഓഫീസിൽ എത്തിക്കുന്നതും മററും വളരെയേറെ മുൻകരുതലോടെയാണ്. കാരണം ഓരൊ പെട്ടിയിലും വീണ വോട്ടുകടലാസ്സുകളുടെ എണ്ണം നോക്കിയിട്ടാണ് അവസാനം ഏതു സ്ഥാനാൎത്ഥി ജയിച്ചുവെന്ന് തീരുമാനിക്കപ്പെടുന്നതു്. നമുക്കു വോട്ടിൻെറ കാൎയ്യത്തിലേക്കു തിരിക്കാം. ബാലട്ടുപേപ്പർ കിട്ടിക്കഴിഞ്ഞാൽപ്പിന്നെ, ആൎക്കും കാണാൻവയ്യാത്തവിധം പ്രത്യേകം മറച്ചുകെട്ടിയ മുറിയിൽപോയി, നമുക്കിഷ്ടമുള്ള പാർട്ടിയുടെ

Jawahar Balbhavan & Children's Library,
KOTTAYAM.

പെട്ടിയിൽ ഇടാം. ഇതായിരുന്നു ഇന്നുവരെ നിലവിലു ണ്ടായിരുന്ന സമ്പ്രദായം. എന്നാൽ പാർട്ടികളുടെ ചിഹ്നങ്ങൾ ബാലറ്റുകടലാസ്സിൽത്തന്നെ അച്ചടിക്കു കയും, ഇഷ്ടമുള്ള ചിഹ്നത്തിൻെറ കള്ളിയിൽ സീൽകു ത്തി, വോട്ടവകാശം രേഖപ്പെടുത്തുകയും ചെയ്യുന്ന ഒരു പുതിയ സമ്പ്രദായമാണു് ഭാവിയിൽ ഇന്ത്യയിലാകമാ നം നടപ്പിൽ വരുത്തുവാൻ പോകുന്നതു്. കേരളത്തി ലെ ഇടക്കാലതിരഞ്ഞെടുപ്പിൽ ഈ സമ്പ്രദായം പരീ ക്ഷിച്ചുനോക്കുകയും, നല്ലതാണെന്നു് കാണുകയും ഉ ണ്ടായി."

"നമുക്കിഷ്ടമുള്ള പാർട്ടിയെ എങ്ങിനെ തിരിച്ച റിയും?"

"അതിനെന്താ ഓരോ പാർട്ടിസ്ഥാനാർത്ഥിയുടേ യും പെട്ടിപ്പുറത്തു ആ പാർട്ടിയുടെ തിരഞ്ഞെടുപ്പുചി ഹ്നമുണ്ടായിരിക്കും. നീ കേട്ടിട്ടില്ലേ? കാളപ്പെട്ടി, അരിവാൾകതിർപ്പെട്ടി, കുടിൽപ്പെട്ടി എന്നെല്ലാം?"

"അച്ഛാ-എനിക്കു കാളപ്പെട്ടിയാണിഷ്ടം!"

"ഉം? അതെന്താ?"

"ആ കന്നുപൂട്ടുന്ന കാളകളെ കാണാൻ എന്തൊ രു ചന്തമാണു്! അല്ലെ അച്ഛാ?

"അപ്പൊ-അരിവാളും മനോഹരമായ ആ കതിർ കുലയും കാണാൻ ചന്തമില്ലെ?"

“ഓഹൊ-അതും എനിക്കു നന്നെ ഇഷ്ടമാണ്.”

“ആട്ടെ, ആ ഒട്ടകപ്പെട്ടിയൊ?”

“അതെ-അച്ഛാ-എനിയ്ക്കു് ഒട്ടകത്തേയാണ് ഏററവും ഇഷ്ടം. ആ ഒട്ടകത്തിൻെറ കഴുത്ത് എന്തൊരു നീളമാണ്!”

“എന്നാലേയ്, അതൊന്നും നോക്കി വോട്ടുചെയ്യാൻ പാടില്ല. ചിത്രത്തിൻെറ ചന്തം നോക്കിയിട്ടല്ല വോട്ടു ചെയ്യേണ്ടതു്. ഓരൊ ചിത്രവും ഓരൊ പാർട്ടിയുടേയും അടയാളമാണെന്നു പറഞ്ഞില്ലെ? നമുക്കിഷ്ടമുള്ള പാർട്ടിയുടെ തിരഞ്ഞെടുപ്പുചിഹ്നമുള്ള പെട്ടി ഏതെന്നു പരിശോധിച്ചു വോട്ടുചെയ്യണം.”

“ആട്ടെ അച്ഛൻ ഏതു പാർട്ടിക്കാണ് വോട്ടു ചെയ്തതു്?”

“അയ്യൊ, മോനെ, അതു് ആരോടും ചോദിക്കരുതു്. ആരും പുറത്തു പറയാനും പാടില്ലാത്തതാണ്. വോട്ടു ചെയ്യുന്നതു് അത്ര രഹസ്യമായിട്ടുവേണം.”

“അതെന്തിനാണച്ഛാ?”

“വോട്ടു രഹസ്യമായിട്ടല്ലെങ്കിൽ, പലപ്പോഴും സ്വന്തം ഇഷ്ടത്തിന്നെതിരായി, മററൊരാളുടെ ഇഷ്ടമനുസരിച്ചു് വോട്ടു ചെയ്യേണ്ടതായി വന്നേക്കും. അ

പ്പോൾ ഓരോരുത്തരുടേയും ആന്തരമായ ഇഷ്ടം പ്രകടിപ്പിക്കാൻ പററുകയില്ല. അതുകൊണ്ടാണു് വോട്ടു് ഇത്രയധികം രഹസ്യമാക്കി വെക്കുന്നതു്."

അതു ശരിയാണു്. അതൊരു നല്ല കാര്യവുമാണു്. വോട്ടിൻെറ പേരിൽ അന്നാളൊരു ദിവസം ക്ലാസ്സിൽ നടന്ന കശപിശയുടെ കാര്യം പെട്ടെന്നു് അവനോർത്തു. വഴക്കിൻെറ കാരണം പതിവുപോലെ എത്രയും നിസ്സാരമായിരുന്നു. ക്ലാസ്സിലെ ശക്തനെന്നു നടിക്കുന്ന പപ്പു വീരവാദം മുഴക്കി, 'എൻെറ അച്ഛനു് രണ്ടു വോട്ടുണ്ടെ'ന്നു്. ശുണ്ഠി മൂക്കത്തുള്ള കിട്ടു പറഞ്ഞു, 'എൻെറ അച്ഛനും രണ്ടു വോട്ടുണ്ടെ'ന്നു്. ഇല്ലെന്നും ഉവ്വെന്നും തക്കമായി. നാവു തളർന്നപ്പോൾ സമരം കൈകൊണ്ടാക്കി. അടിയും കുത്തും, വാക്സമരംപോലെ അത്ര രസകരമല്ലെന്നു് രണ്ടുപേക്കും ബോദ്ധ്യപ്പെട്ടപ്പോൾ സന്ധിയായി.

"പിന്നെ അച്ഛാ! മന്ത്രിമാരേയും തിരഞ്ഞെടുക്കുന്നതു് ജനങ്ങളാണൊ?"

"ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുകയല്ല. മറിച്ചു്, ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ സമ്മേളിച്ചു്, തങ്ങളുടെ കക്ഷിനേതാക്കന്മാരെ തിരഞ്ഞെടുക്കുന്നു. നിയമസഭയിൽ ഭൂരിപക്ഷം സീററുകൾ കിട്ടിയ കക്ഷിയുടെ നേതാവിനെ, ഗവർണർ വിളിച്ചു

വരുത്തി, ഒരു ഗവർമ്മേണ്ടു് രൂപീകരിക്കാൻ ആവശ്യപ്പെടുന്നു."

"നിയമസഭയിൽ ഒരു കക്ഷിക്കും ഭൂരിപക്ഷമില്ലെങ്കിലൊ?"

"എന്നാൽ, ഏററവും കൂടുതൽ സീററുകൾ നേടിയ കക്ഷിയുടെ നേതാവിനെ വിളിച്ചുവരുത്തി ഗവർമ്മേണ്ടു രൂപീകരിക്കാൻ ഗവർണർ ആവശ്യപ്പെടും."

"അപ്പോൾ, ഈ ഗവർണറെ ആരാണു് തിരഞ്ഞെടുക്കുക?"

"നമ്മുടെ ഗവർണർമാർ തിരഞ്ഞെടുക്കപ്പെടുന്നവരല്ല. യൂണിയൻ പ്രസിഡണ്ടു് അവരെ നിയമിക്കുകയാണു് പതിവു്—യൂണിയൻ പ്രസിഡണ്ടിനോടു മാത്രമെ ഗവർണർമാർക്കു് ഉത്തരവാദിത്വമുള്ളു. എന്നാൽ ഭരണകാര്യത്തിൽ മന്ത്രിസഭയുടെ ആഗ്രഹങ്ങളും, കല്പനകളും അനുസരിച്ചു പ്രവർത്തിക്കുകയാണു് അവരുടെ കടമ. ചുരുക്കത്തിൽ, നിയമസഭയിലും, അവരോടു് ഉത്തരവാദിത്വമുള്ള മന്ത്രിസഭയിലും ആണു് യഥാർത്ഥമായ അധികാരം നിക്ഷിപ്തമായിരിക്കുന്നതു്."

അതു ശരി. നിയമസഭയുടെ അധികാരാവകാശങ്ങളെക്കുറിച്ചു് അവനു് കുറെയൊക്കെ മനസ്സിലായിക്കഴിഞ്ഞു. പക്ഷെ അവനു് പിടികിട്ടാത്ത ഒരു സം

ഗതിയുണ്ടു്. എന്തിനാണു് ഒരാൾക്കുതന്നെ രണ്ടു വോട്ടു്? അച്ഛനോടു് ചോദിച്ചു.

"അച്ഛാ, അച്ഛനെത്ര വോട്ടുണ്ടു്?"

"എനിക്കെന്നല്ല ഇന്ത്യയിൽ ഏതൊരു പൌരനും രണ്ടുവോട്ടുവീതമുണ്ടു്. ഒന്നു് ലോക്സഭയിലേക്കും മററൊന്നു് സ്റ്റേയ്ററ് അസംബ്ലിയിലേക്കും."

"അതെന്തിനാ രണ്ടു വോട്ടു്?"

"മോനെ, നമ്മുടെ ഇന്ത്യ വലിയൊരു രാജ്യമാണു്. ലോകത്തിൽ ഏഴാമത്തെ വലിയ രാജ്യം നമ്മുടേതാണു്. ആലോചിച്ചുനോക്കു, പതിമൂന്നുലക്ഷം ചതുരശ്രനാഴിക വിസ്തീർണ്ണമുണ്ടു് നമ്മുടെ മാതൃഭൂമിക്കു്."

"ഓ–വലിയൊരു രാജ്യംതന്നെ!"

"വിസ്തീർണ്ണത്തിൽ മാത്രമല്ല ജനസംഖ്യയിലും നമ്മുടെ രാജ്യത്തിന്നു് പ്രമുഖസ്ഥാനമുണ്ടു്. മുപ്പത്തെട്ടു കോടിയോളം ജനസംഖ്യയാണു്. ലോകത്തിലെ മൊത്തം ജനസംഖ്യയിൽ അഞ്ചിലൊന്നു്. ഈ മുപ്പത്തെട്ടു കോടി ജനങ്ങൾ പതിന്നാലു പ്രധാന ഭാഷകൾ സംസാരിക്കുന്നവരാണു്. ഇത്ര വലിയൊരു രാജ്യത്തു് ഭരണം നടത്തുവാൻ ഒരൊററ ഗവർമ്മെണ്ടിനെക്കൊണ്ടാവില്ല."

"എന്തുകൊണ്ട് അച്ഛാ?"

"വലിയ രാജ്യമായതുകൊണ്ട് നമ്മുടെ പ്രശ്നങ്ങളും വലുതാണ്. ഭൂമിശാസ്ത്രപരമായും, സാമ്പത്തികമായും, സാംസ്കാരികമായും എല്ലാം ഇന്ത്യക്കാർ പല ഘടകങ്ങളാണ്. കേരളത്തിൽ പെരുമഴ പെയ്യുന്ന ഏടവപ്പാതിയിൽ, ഉത്തരേന്ത്യയിൽ പൊരിവെയിലാണ്! എന്തൊരന്തരം! അതുപോലെത്തന്നെ കേരളീയരുടെ ജീവിതരീതിയും, കാശ്മീരികളുടെ ജീവിതരീതിയും അപ്പാടെ വ്യത്യസ്തങ്ങളാണല്ലോ?"

"സംശയമില്ല."

"എന്നാൽ ഈ വ്യത്യസ്തതകൾക്കുനടുവിലും ഇന്ത്യാഭൂഖണ്ഡത്തിലുള്ള ഏവരേയും ഒരേചരടിൽ കോർത്തിണക്കുന്ന ഒരു ദേശീയപാരമ്പര്യം നമുക്കുണ്ട്. അനർഘങ്ങളായ ഭവദേതിഹാസങ്ങളും, ചരിത്രവും, ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി കൂട്ടായ സമരയജ്ഞവും എല്ലാം ഇന്ത്യക്കാരെ ഒറ്റക്കെട്ടായി നിലനിർത്തുന്നു. ഇങ്ങിനെ ദേശീയമായ ഐക്യം നിലനിർത്തുന്നതോടൊപ്പം പ്രാദേശികമായ വ്യത്യസ്തതകൾക്ക് അംഗീകാരം നൽകിക്കൊണ്ടുള്ള ഒരു ഭരണഘടനയാണ് നമുക്കുള്ളത്. അത്തരം ഭരണഘടനയ്ക്ക് ഫെഡറൽ ഭരണഘടന എന്നാണ് പേര്."

"ഫ്രാൻസിൽ ഫെഡറൽഭരണഘടനയാണോ?"

Jawahar Balbhavan & Children's Library,

"അല്ല, ഫ്രാൻസിൽ യൂണിററി ഭരണഘടനയാണ്. അവിടെ രാജ്യത്തിന്നാകെ ഒരു ദേശീയപാർലിമെണ്ടേ ഉള്ളു. ഇംഗ്ലണ്ടിലും അതാണ് സ്ഥിതി."

"അമേരിയ്ക്കയിലോ?"

"അമേരിയ്ക്കയിൽ ഫെഡറൽ ഭരണഘടനയാണ്. സോവിയററുയൂനിയനും അങ്ങിനെതന്നെ. ഒരു രാജ്യത്തിന്ന് ഫെഡറൽ ഭരണഘടനയൊ, യൂണിററി ഭരണഘടനയൊ എന്നു നിശ്ചയിയ്ക്കുന്നതു് ആ രാജ്യത്തിൻെറ ചരിത്രപരമായ വസ്തുതകളാണ്–ആ രാഷ്ട്രം ഉടലെടുത്ത പ്രത്യേകപരിതസ്ഥിതികളാണ്. ഒരു വലിയ രാജ്യത്തിൽ ഭരണം കേന്ദ്രീകരിയ്ക്കപ്പെട്ടാൽ ഭരണകൂടത്തിൻെറ എല്ലാ പ്രദേശത്തും ഒരുപോലെ ശ്രദ്ധ പതിപ്പിയ്ക്കാൻ കഴിഞ്ഞെന്നു വരില്ല. ഭരണഭാരം കേന്ദ്രവും സ്റ്റേററുകളും തമ്മിൽ പങ്കിടുന്ന ഫെഡറൽ ഭരണഘടനയിൽ ആ പോരായ്മ പരിഹരിയ്ക്കപ്പെടും. ആട്ടെ, ഒരു ഉദാഹരണം പറയാം. നിൻെറ സ്കൂളിൽ സ്കൂളിന്നു പൊതുവെ ഒരു ലീഡറും, ഓരോ ക്ലാസ്സിന്നും പ്രത്യേക ലീഡർമാരും ഉണ്ടല്ലൊ, ഇല്ലെ? അതെന്തിനാ?"

"ഓ–അതാവശ്യമാണ്. ക്ലാസ്സിലെ പ്രത്യേക കാര്യങ്ങൾ നോക്കാൻ ക്ലാസ്സ്ലീഡർ–സ്കൂളിൻെറ പൊതു

കാര്യങ്ങൾ നോക്കാൻ സ്കൂൾലീഡർ–അതു വേണ്ടേ അച്ഛാ?"

"വേണം–അങ്ങിനെത്തന്നെയാണ് വേണ്ടതും. അതുപോലെത്തന്നെയാണ് ഇന്ത്യയുടേയും കഥ. ഇന്ത്യക്കു പൊതുവായുള്ള കാര്യങ്ങൾ നോക്കാൻ ഒരു കേന്ദ്രഗവർമ്മെണ്ടുവേണം. സ്റ്റേയ്റ്റുകളുടെ പ്രത്യേക കാര്യങ്ങൾ നോക്കാൻ ഒരു സ്റ്റേയിററുഗവർമ്മെണ്ടും ആവശ്യമാണ്. എന്താ?"

"അതു ഞാൻ സമ്മതിച്ചു, അച്ഛാ!"

"എന്നാൽ ഇനി രണ്ടു വോട്ടിൻെറ ആവശ്യം മനസ്സിലാക്കാൻ പ്രയാസമില്ല. കേന്ദ്രഗവർമ്മെണ്ടിനുള്ള നിയമങ്ങൾ നിർമ്മിക്കുന്ന ലോക് സഭയിലേക്കും, അവനവൻെറ സ്റ്റേററിലേക്കുവേണ്ട നിയമങ്ങൾ നിർമ്മിക്കുന്ന സ്റ്റേയിററസംബ്ലിയിലേക്കും, ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതുണ്ടു്. അതുകൊണ്ടു് രണ്ടു വോട്ടുകളിൽ ഒന്നു് ലോക്സഭയിലേക്കുള്ള സ്ഥാനാർത്ഥിക്കും, മറെറാന്നു് സ്റ്റേയ്ററസംബ്ലിയിലേക്കുള്ള സ്ഥാനാർത്ഥിക്കും നൽകണം–ഇപ്പൊ മനസ്സിലായൊ?"

"ഓഹൊ–മനസ്സിലായി. അപ്പൊ സ്റ്റേയിററിനുവേണ്ട എല്ലാ നിയമങ്ങളും നിർമ്മിക്കാൻ സ്റ്റേയിററസംബ്ലിതന്നെയാണൊ?"

4498

"അങ്ങിനെ പറഞ്ഞുകൂടാ. സ്റ്റേയ്ററിനെമാത്രം ബാധിക്കുന്നവയും, ഇന്ത്യയെ മുഴുവൻ ബാധിക്കുന്നവയും ആയ വിഷയങ്ങൾ ഏവയെന്നു് ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഉദാഹരണത്തിന്നു് റെയിൽവെയുടെ കാര്യമെടുത്തുനോക്കു്-ഇന്ത്യയിലെ എല്ലാ സ്റ്റേയ്ററുകളേയും ബന്ധിപ്പിച്ചുകൊണ്ടാണു് റെയിൽപ്പാതകൾ നീണ്ടുകിടക്കുന്നതു്. അവയുടെ കാര്യം ഒരൊററ സ്റ്റേയ്ററിനെ ഏല്പിക്കാൻ പററില്ല. പക്ഷെ റോഡുകൾ അധികവും സ്റ്റേയ്ററിന്നുള്ളിൽത്തന്നെയാണു് വ്യാപിച്ചുകിടക്കുന്നതു്. അവയുടെ മേൽനോട്ടം സ്റ്റേററുകൾക്കു നടത്താൻ കഴിയും. അതുപോലെത്തന്നെ ദേശരക്ഷയുടെ കാര്യം-ഇന്ത്യയുടെ രാജ്യരക്ഷയുടെ ചുമതല ഒരു സ്റ്റേയിററിനെ മാത്രം ഏല്പിച്ചുകൊടുത്താൽ പററില്ല. മാതൃഭൂമിയ്ക്കുനേരെയുള്ള ആക്രമണഭീഷണികൾ നേരിടാൻ ഇന്ത്യയുടെ മുഴുവൻ കഴിവുകളും സമാഹരിയ്ക്കേണ്ടിവരും. അക്കാര്യം സ്റ്റേയിററുകൾ നിർവ്വഹിയ്ക്കാനാവുകയില്ലല്ലൊ.. പക്ഷെ രാജ്യത്തിന്നകത്തുള്ള നിയമസമാധാനം നിലനിർത്തേണ്ടഭാരം സ്റ്റേററുകൾക്കാണു് കൂടുതൽ നന്നായി നിറവേററാൻ കഴിയുക. അതുകൊണ്ടുതന്നെ ആ ചുമതല സ്റ്റേയിററുകളെയാണു് ഏല്പിച്ചിട്ടുള്ളതു്. ഇങ്ങിനെ ഓരോരോ കാര്യങ്ങൾ ആവശ്യവും സൌകര്യവും നോക്കി കേന്ദ്രവും സ്റ്റേയ്ററും പങ്കുവെച്ചിട്ടുണ്ടു്. അതിൽ അവരവർക്കു് അർഹതയുള്ള വിഷയങ്ങളിൽ നിയമങ്ങളുണ്ടാ

ക്കാൻ കേന്ദ്രപാർളിമെണ്ടിനും, സ്റ്റെയ്ററസംബ്ലികൾക്കും അധികാരമുണ്ടു്. പക്ഷെ തങ്ങൾക്കർഹതയില്ലാത്ത വിഷയങ്ങളിൽ നിയമമുണ്ടാക്കാൻ പാടില്ലാത്തതാണു്."

"അങ്ങിനെ നിയമമുണ്ടാക്കിയാലെന്താണച്ഛാ?"

"നിയമത്തെ സംബന്ധിച്ചു് തക്കമുണ്ടായാൽ, ആക്ഷേപമുള്ളവർക്കു് സുപ്രീംകോടതിയെ ശരണം പ്രാപിക്കാം. സ്റ്റെയ്ററുഗവർമ്മെണ്ടും കേന്ദ്രഗവർമ്മേണ്ടും തമ്മിലുള്ള തക്കങ്ങൾ മാത്രമല്ല, നിയമസംബന്ധമായ ഏതു തക്കവും വിചാരണചെയ്തു് തീർപ്പുകല്പിക്കാനുള്ള പരമാധികാരം സുപ്രീം കോടതിക്കുമാത്രമാണു്. സുപ്രീം കോടതിയാണു് ഇന്ത്യയിലെ ഏററവും വലിയ നീതിന്യായസ്ഥാപനം. അതിൻെറ തീർപ്പുകൾ ജനങ്ങളും, നിയമനിർമ്മാതാക്കളും, ഗവർമ്മെണ്ടും അനുസരിക്കേണ്ടതാണു്."

"ഈ സുപ്രീം കോടതിയെ തിരഞ്ഞെടുക്കുന്നതു്, ആരാണച്ഛാ?"

"സുപ്രീം കോടതി, തിരഞ്ഞെടുക്കപ്പെടുന്നതല്ല. അവരെ ഇന്ത്യായൂനിയൻപ്രസിഡണ്ടു് നിയമിക്കുകയാണു് ചെയ്യുന്നതു്. പക്ഷെ ഒരു പ്രത്യേകതയുള്ളതു് നിയമിക്കാനല്ലാതെ, അവരെ നീക്കം ചെയ്യാനുള്ള അധികാരം പ്രസിഡണ്ടിന്നില്ലെന്നതാണു്."

"അതെന്താണ് അച്ഛാ?"

"ജനാധിപത്യത്തിൻെറ വിജയം നിലകൊള്ളുന്നതു് നിയമവാഴ്ചയിലാണ്. നിയമവാഴ്ച വിജയിയ്ക്കണമെങ്കിലൊ, നീതിന്യായക്കോടതികൾ സ്വതന്ത്രങ്ങളാവണം-ശക്തങ്ങളാവണം. നിയമസഭ ഉണ്ടാക്കുന്ന നിയമങ്ങൾ നടപ്പിൽ വരുത്തുന്നതു് എക്സിക്യൂട്ടീവാണല്ലൊ. ആ എക്സിക്യൂട്ടീവിൻെറ പ്രവൎത്തനങ്ങളുടെ കുറവുകൾ, കുററങ്ങൾ തീൎക്കുകയാണ് കോടതികൾ ചെയ്യുന്നതു്. അധികാരം ദുർവ്വിനിയോഗപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം സങ്കടകക്ഷികൾക്കു കോടതിയെ ശരണം പ്രാപിക്കാം. അവരുടെ നിഷ്പക്ഷമായ വിധിയെ ഏവരും മാനിക്കണം. ഒരു കോടതിവിധിയെ, മറെറാരു ഉയൎന്ന കോടതിയിൽ മാത്രമെ ചോദ്യം ചെയ്യാൻ പാടുള്ളൂ. ഒരു സബ്ജഡ്ജിയുടെ തീരുമാനം ജില്ലാകോടതിയിലോ, ഹൈക്കോർട്ടിലോ ചോദ്യം ചെയ്യാം. ഹൈക്കോടതിയുടെ തീരുമാനത്തെ സുപ്രിംകോടതിയിലും ചോദ്യം ചെയ്യാം. എന്നാൽ സുപ്രിം കോടതിയുടെ തീരുമാനത്തെ ആൎക്കും ചോദ്യംചെയ്തുകൂട. രാജ്യത്തിലെ നിയമങ്ങൾ വ്യാഖ്യാനിയ്ക്കുന്നതിനും, ഭരണഘടനയെ വ്യാഖ്യാനിയ്ക്കുന്നതിന്നുമുള്ള പരമാധികാരം സുപ്രിംകോടതിയുടേതാണ്. ഇത്രയും മഹത്തായ ഉത്തരവാദിത്വം സത്യസന്ധമായും നിഷ്പക്ഷമായും നിറവേററണമെങ്കിൽ, സുപ്രിംകോടതി ജഡ്ജിമാൎക്ക് ആരുടേയും ദയാദാക്ഷിണ്യങ്ങൾക്കു കൈനീട്ടേണ്ടിവരരുതു്.

അതുകൊണ്ടാണ് അവൾക്ക് അത്രയും ഉയൎന്ന ഒരു പദവി അനുവദിച്ചിട്ടുള്ളതു്. അതുകൊണ്ടാണ് അവരെ നിയമിക്കുന്ന പ്രസിഡണ്ടിനുപോലും അവരെ പിരിച്ചുവിടാനുള്ള അധികാരമില്ലെന്നു നിശ്ചയിച്ചിട്ടുള്ളതു്."

"ആരാണച്ഛാ, ഈ പ്രസിഡണ്ടിനെ നിയമിക്കുന്നതു്?"

"പ്രസിഡണ്ടു് തിരഞ്ഞെടുക്കപ്പെടുകയാണ് ചെയ്യുന്നതു്. പാർളിമെണ്ടിലേയും സ്റ്റേയിററസംബ്ലിയിലേയും മെമ്പർമാരാണ് അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നതു്. അപ്രാപ്തനാണെന്നു തോന്നിയാൽ അദ്ദേഹത്തെ സ്ഥാനത്തുനിന്നു നീക്കാനും പാർളിമെണ്ടിന്നധികാരമുണ്ടു്. അതായതു് എല്ലാ കാൎയ്യങ്ങളിലും ജനങ്ങളുടെ അഭിപ്രായത്തിന്നാണ് വില എന്നൎത്ഥം. എല്ലാററിൻേറയും നിയന്ത്രണം ജനപ്രതിനിധികളുടെ പാർളിമെണ്ടിന്നാണു്."

"അച്ഛാ, ഈ പാർളിമെണ്ടെന്നും, ലോക്സഭയെന്നും പറയുന്നതു് ഒന്നാണോ?"

"അതു ഞാൻ പറഞ്ഞില്ല, അല്ലെ? പാർളിമെണ്ടിനു് രണ്ടു സഭകളുണ്ടു്. ഒന്നു് ലോക്സഭ. രണ്ടു് രാജ്യസഭ. ലോക്സമയിലേക്കുള്ള അംഗങ്ങളെ, ഞാൻ മുമ്പു പറഞ്ഞപോലെ, ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുകയാണു്."

"അപ്പൊ, രാജ്യസഭയിലേക്കോ?"

"അതുതന്നെയാണ് ഞാൻ പറയാൻ ഭാവിക്കുന്നതു്. രാജ്യസഭയിലേക്കുള്ള അംഗങ്ങളെ സ്റ്റേയിററസംബ്ലിയിലെ അംഗങ്ങളാണു് തിരഞ്ഞെടുക്കുന്നതു്. അങ്ങിനെ ലോക്‌സഭ ജനങ്ങളുടെ സഭയും, രാജ്യസഭ, സ്റ്റേയിററ അസംബ്ലികളുടെ ഒരു സഭയും ആണ്."

"എന്തിനാണ് ഇങ്ങിനെ രണ്ടു സഭകൾ?"

"അതും പറഞ്ഞു തരാം. പാർളിമെണ്ടു പാസ്സാക്കുന്ന നിയമങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. ഒരു സഭ മാത്രമാണെങ്കിൽ, നിയമങ്ങൾ വേഗത്തിൽ പാസ്സാക്കിയെടുക്കുവാൻ സാധിച്ചേക്കും. രണ്ടു സഭകൾ ഉണ്ടാവുമ്പോൾ, അത്ര എളുപ്പത്തിൽ പാസ്സാക്കാൻ പററില്ല. നിയമത്തിൻെറ ഗുണദോഷങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിക്കാനും, ചർച്ച ചെയ്യാനും ഒരവസരം അങ്ങിനെ ഉണ്ടായിത്തീരുന്നു. കൂടുതൽ ആളുകളുടെ അഭിപ്രായമറിയുന്നതു് എപ്പോഴും നല്ലതാണല്ലൊ. 'അധികസ്യ അധികം ഫലം' എന്നല്ലെ, പ്രമാണം?"

"എങ്ങിനെയാണച്ഛാ അവർ നിയമമുണ്ടാക്കുന്നതു്?"

"അതു വിസ്തരിച്ച ഒരേർപ്പാടാണ്. പാർലിമെണ്ടംഗങ്ങൾ, ആദ്യമായിത്തന്നെ അവർക്കുവേണ്ടി

ഭരണം നടത്താൻ കുറച്ചുപേരെ തിരഞ്ഞെടുക്കുന്നു. അവരാണ് മന്ത്രിസഭ. മന്ത്രിസഭയാണ് പാർലിമെണ്ടിനുവേണ്ടി, അതു പാസ്സാക്കുന്ന നിയമങ്ങൾ നടപ്പിൽ വരുത്തുന്നതു്. ഭരണത്തിന്നു് ആവശ്യമാണെന്നുതോന്നുന്ന നിയമങ്ങൾ മന്ത്രിമാർ പാർലിമെണ്ടിൽ അവതരിപ്പിക്കുന്നു. പാർലിമെണ്ടിലെ ഭൂരിപക്ഷം മെമ്പർമാർക്കിഷ്ടമാണെങ്കിൽ അവരതു പാസ്സാക്കും. മാത്രമല്ല, മെമ്പർമാക്കു് ആവശ്യമെന്നുതോന്നുന്ന കാര്യങ്ങളിൽ സ്വന്തമായി ബില്ലുകൾ അവതരിപ്പിക്കാനും അവകാശമുണ്ടു്."

"അപ്പൊ, പാർലിമെണ്ടിൻെറ ഇഷ്ടത്തിന്നെതിരായി പോകാൻ ആക്കും അധികാരമില്ല, അല്ലെ?"

"അതെ-അതാണ് വാസ്തവം-നമ്മുടെ ജനാധിപത്യത്തിൽ ജനങ്ങളുടെ ഇഷ്ടത്തിന്നാണ് ഏററവും പ്രാധാന്യം. ജനങ്ങളുടെ ഇഷ്ടത്തിൻെറ പ്രതീകമാണ് പാർലിമെണ്ടു്."

"അച്ഛാ, ചാച്ചാനെഹ്റുവും പാർലിമെണ്ടിൻെറ കീഴിലാണോ?"

"എന്താണ് സംശയം? പ്രധാനമന്ത്രിയെന്നു പറഞ്ഞാൽ പാർലിമെണ്ടിൻെറ ഭൂരിപക്ഷമുള്ള പാർട്ടിയുടെ നേതാവാണ്. അദ്ദേഹത്തിന്നു് പാർലിമെണ്ടിലെ ഭൂരിപക്ഷത്തിൻെറ വിശ്വാസം നഷ്ടപ്പെട്ടാൽ,

ആ നിമിഷം അദ്ദേഹവും, അദ്ദേഹം നിയമിക്കുന്ന മന്ത്രിമാരും രാജിവെച്ചുപോകേണ്ടതാണ്."

"ഈ 'സ്പീക്കർ' 'സ്പീക്കർ' എന്നു കേട്ടിട്ടുണ്ടല്ലോ. അതാരാണച്ഛാ?"

"സ്പീക്കർ എന്നു പറയുന്നാളാണ് സഭയിലെ അദ്ധ്യക്ഷൻ. സഭാനടപടികളെ മുഴുവൻ നിയന്ത്രിക്കുന്നതു് അദ്ദേഹമാണ്. അദ്ദേഹത്തിൻെറ തീർപ്പുകൾക്കു് എല്ലാ മെമ്പർമാരും, മന്ത്രിമാരും, പ്രധാനമന്ത്രിപോലും വഴങ്ങേണ്ടതാണ്."

ഈ പാർലിമെണ്ടിൻെറ കാര്യം കേട്ടപ്പോൾ പെട്ടെന്നു് ഭാസി ഒരു സംഗതി ഓർത്തു. ഈ മിഠായിക്കു് ഇത്ര വില കൂട്ടിയതു് പാർളിമെണ്ടാണെന്നു് അന്നൊരുദിവസം ആ കച്ചവടക്കാരൻ അവനോടു് നേരിട്ടു പറയുകയുണ്ടായി.

"എന്തിനാച്ഛാ ഈ പാർളിമെണ്ടു് മിഠായിക്കു നികുതി കൂട്ടിയതു്?"

"ഓ-അതാണ് നിൻെറ സങ്കടം അല്ലേ? അതു നല്ലതല്ലേ? മിഠായി അധികം തിന്നാൽ കുട്ടികളുടെ വയറു് കേടുവരും. അവക്കു ദീനം വരും. അതുകൊണ്ടു് മിഠായി തിന്നുന്നതു് കുറക്കണമെന്നാണ് അവരുടെ ഉദ്ദേശം."

"അല്ലല്ല-അച്ഛൻ എന്നെ കളിയാക്കുകയാണ്!"

"അതൊരു വശം മാത്രം. പഞ്ചസാരക്കു നികുതി കൂട്ടിയപ്പോൾ മിഠായിയുടേയും വില കൂടിക്കാണും. പിന്നെ നികുതി പിരിക്കാതെ ഭരണം നടത്താൻ ആർക്കും കഴിയില്ല. കോളേജുകളും, സ്കൂളുകളും, ആസ്പത്രികളും പാലങ്ങളും, അണക്കെട്ടുകളും പണിചെയ്യുന്നതു് ഗവർമ്മെണ്ടല്ലേ? അതിന്നെല്ലാം അവർക്കു പണം വേണം. അതിന്നാണു് എല്ലാവരുടേയും കയ്യിൽനിന്നു് കഴിവനുസരിച്ചുള്ള പണം നികുതിവഴിയായി ഈടാക്കുന്നതു്. ഈ നികുതി പാസ്സാക്കേണ്ടതും ജനങ്ങൾ തിരഞ്ഞെടുത്ത പാർലിമെണ്ടാണു്. ജനങ്ങൾക്കു് അത്രയധികം ഹാനികരമായ നികുതികൾ പാസ്സാക്കാതിരിക്കാൻ തങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികളോടു്, അവർക്കു് ആവശ്യപ്പെടാവുന്നതാണു്. നികുതികൾ ഇല്ലാതെവന്നാൽ ഗവർമ്മെണ്ടിന്നു ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. പാർലിമെണ്ടു് നികുതികൾ പാസ്സാക്കുകമാത്രമല്ല ചെയ്യുന്നുള്ളു. അങ്ങിനെ പിരിഞ്ഞുകിട്ടുന്ന സംഖ്യ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവാക്കണമെന്നുകൂടി നിശ്ചയിക്കുന്നുമുണ്ടു്. ബജററുപ്രസംഗം എന്നു് പത്രത്തിൽ കേൾക്കാറില്ലേ?"

"ധനകാര്യമന്ത്രിയുടെ പ്രസംഗം, അല്ലേ അച്ഛാ?"

"അതെ, ബജററുപ്രസംഗം നടത്തുന്നതു ധനകാര്യമന്ത്രിയാണു്. രാജ്യത്തിൻെറ കടധനങ്ങൾ തിട്ടപ്പെടുത്തി, വരവുകൾ വർദ്ധിപ്പിച്ചു് ചെലവുകൾ നടത്തിപ്പോകാൻ സഹായിക്കേണ്ട ചുമതല ധനകാര്യമന്ത്രിയുടേതാണു്. ഓരോ വകുപ്പിലേയ്ക്കുമുള്ള ചെലവുകൾ നിയന്ത്രിയ്ക്കുന്നതു് ധനകാര്യമന്ത്രിയാണു്."

"ധനകാര്യമന്ത്രിയെ നിയമിയ്ക്കുന്നതും പാർലിമെണ്ടല്ലേ?"

"സംശയമെന്തു്? ഇന്ത്യയിൽ ഏതു കാര്യവും അവസാനമായി നിശ്ചയിക്കുന്നതു് പാർലിമെണ്ടാണു്. ദൈനംദിനകാര്യങ്ങളിൽ മാത്രമല്ല, സവ്വശക്തമായ ഭരണഘടനയിൽ മാററങ്ങൾ വരുത്താൻപോലും പാർലിമെണ്ടിനു് അവകാശമുണ്ടു്. എന്നാൽ അവസാനം പറഞ്ഞ കാര്യം സാധാരണനിയമംപോലെ പാസ്സാക്കിയെടുക്കാൻ പററില്ല. ഭരണഘടനയിൽ ഭേദഗതി വരുത്തണമെങ്കിൽ, പാർലിമെണ്ടിലെ ഓരോ സഭയിലേയും ആകെ മെമ്പർമാരിൽ ഭൂരിഭാഗംവരുന്നു മെമ്പർമാരുടേയും, ഹാജരായ മെമ്പർമാരിൽ മൂന്നിൽ രണ്ടുഭാഗത്തിൻേറയും പിന്തുണ ലഭിയ്ക്കേണ്ടതുണ്ടു്. മാത്രമല്ല സുപ്രധാനമായ ചില വകുപ്പുകൾ ഭേദഗതി ചെയ്യേണമെങ്കിൽ, ഇതിന്നെല്ലാം പുറമെ പകുതിയിലേറെ സ്റ്റേററസംബ്ലികളുടെ പിന്തുണകൂടി ലഭിയ്ക്കേണ്ടതുണ്ടു്."

“എന്തിനാണ് അതിത്ര ബുദ്ധിമുട്ടുള്ളതാക്കിയത് അച്ഛാ?”

“ഭരണഘടന ഭേദഗതിചെയ്യുന്ന സമ്പ്രദായം എല്ലായിടത്തും ഇങ്ങിനെ വിഷമം പിടിച്ചതാണ്. അതിന്നു കാരണവുമുണ്ട്. പാർട്ടികൾ അപ്പപ്പോൾ വന്നും പോയുമിരിയ്ക്കും. അവർ അപ്പപ്പോൾ തങ്ങൾക്കിഷ്ടംപോലെ ഭരണഘടനയെ മാററിമറിച്ചാൽ, അരാജകത്വമായിരിയ്ക്കും ഫലം. അതുകൊണ്ട് രാജ്യത്തിൻെറ ഭദ്രതയും, സമാധാനവും, ഐശ്വര്യവും വളരുവാൻ ഒരു നല്ല ഭരണഘടനയുണ്ടായാൽ മാത്രം പോരാ - ആ നല്ല ഭരണഘടനയുടെ അടിത്തറ അത്ര എളുപ്പത്തിൽ ആർക്കും ഇളക്കിവിടാൻ സാധിയ്ക്കുകയുമരുത്. അതുകൊണ്ടാണ് അങ്ങിനെ വ്യവസ്ഥവെച്ചിട്ടുള്ളത്.”

“അച്ഛാ-ഇതൊരു നല്ല സമ്പ്രദായംതന്നെ. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ഭരിക്കുന്ന ഒരു സമ്പ്രദായം.”

“സംശയമെന്ത് മോനെ, നമ്മുടെ രാഷ്ട്രത്തിൻെറ ഏററവും വലിയ നേട്ടം നമ്മുടെ മഹത്തായ ഭരണഘടനയാണ്. നമ്മുടെ നാട്ട് അഭിവൃദ്ധിയിലേയ്ക്കു മുന്നേറുന്നത് നമ്മുടെ ഭരണഘടനയിലെ തണലിലൂടെയാണ്. ഈ മണ്ണിൽ നീതിയും ശാന്തിയും വാഗ്ദാനംചെയ്യുന്നത് നമ്മുടെ ഭരണഘടനയാണ്. ഭരണഘടനയുടെ ലക്ഷ്യപ്രമാണങ്ങളാണ് നമ്മുടെ രാഷ്ട്രത്തിൻെറ വഴികാട്ടി. ആ ലക്ഷ്യപ്രമാണങ്ങൾ ആവേശത്തോടെ

യല്ലാതെ സ്മരിയ്ക്കുക സാദ്ധ്യമല്ല. കേറംക്കു, മകനെ, ഭരണഘടന ആരംഭിയ്ക്കുന്നതു് ഇങ്ങിനെയാണു്:

Jawahar Balbhavan & Children's Library
KOTTAYAM.

'എല്ലാ പൌരന്മാക്കും

•സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും,

ചിന്തിയ്ക്കാനും സംസാരിയ്ക്കാനും വിശ്വാസം പുലത്താനും ആരാധന നടത്തുവാനുമുള്ള സ്വാതന്ത്ര്യവും,

ജീവിതസൌകയ്യങ്ങളിൽ സമത്വവും നേടിക്കൊടുക്കാനും,

എല്ലാവരിലും വ്യക്തിത്വത്തെ മാനിച്ചുകൊണ്ടു് സ്വഹോദര്യവും രാഷ്ട്രത്തിൻെറ ഐക്യവും വളർത്താനുംവേണ്ടി

ഇന്ത്യക്കാരായ നാം ഇന്ത്യയെ ഒരു പരമാധികാരജനാധിപത്യറിപ്പബ്ലിക്കാക്കാൻ സുദൃഢമായി തീരുമാനിയ്ക്കുന്നു.'

ഇതാണു് ആ വരികറം. നൂററാണ്ടുകാലത്തെ ഉറക്കത്തിൽനിന്നു ഉയിർത്തെഴുന്നേററ പുതിയ ഇന്ത്യയുടെ ശബ്ദമാണു് ആ വരികളിൽ അലയടിയ്ക്കുന്നതു്."

"ഈ ഭരണഘടന ആരുണ്ടാക്കി അച്ഛാ?"

"ഇതു് ഒരു വ്യക്തിയുടെ സംഭാവനയൊന്നുമല്ല. നീ കേട്ടിട്ടുണ്ടാവും, പണ്ടു് നമ്മുടെ പ്രിയപ്പെട്ട മാതൃഭൂമി ബ്രിട്ടീഷ്കാരുടെ ഒരു കോളനിയായിരുന്നു. അന്നു് നമുക്കു് ഒരു സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല. ബ്രിട്ടീഷ്കാർ ഇന്ത്യയെ കൊള്ളയടിച്ചു മുടിക്കുകയായിരുന്നു.

"ആ അപമാനം കണ്ടുകൊണ്ടിരിക്കാൻ ഇന്ത്യക്കാർ തയ്യാറായില്ല. ബ്രിട്ടീഷു ഭരണത്തിന്നെതിരായി അവർ പോരാടി. മഹാന്മാരായ തിലകൻ, ഗാന്ധിജി, നേതാജി, നെഹ്റു—അറിയില്ലെ, നിന്റെ ചാച്ചാ നെഹ്റു—എന്നീ നേതാക്കന്മാരുടെ കീഴിൽ ഇന്ത്യക്കാർ വെള്ളക്കാർക്കെതിരായി സമരം ചെയ്തു. അങ്ങിനെ ഇന്ത്യൻജനതയുടെ ശക്തിക്കുമുമ്പിൽ, ബ്രിട്ടീഷുകാർ മുട്ടുകുത്തി-ഇന്ത്യ സ്വതന്ത്രയായി."

"അതെന്നാണച്ഛാ?"

"നിനക്കെത്ര വയസ്സായി? പതിനൊന്നു്, അല്ലെ? അത്രതന്നെ വയസ്സാണു് സ്വതന്ത്ര ഇന്ത്യക്കും. അതെ, 1947 ആഗസ്റ്റ് 15-ാംനു-യാണു് ഇന്ത്യ സ്വതന്ത്രയായതു്."

അതൊരു നല്ല വാർത്തതന്നെ. ഭാസി ജനിച്ച കൊല്ലംതന്നെയാണപോലും ഇന്ത്യ സ്വാതന്ത്ര്യയായത്. അതിലെന്തൊ തനിക്കും അഭിമാനിക്കാൻ വകയുണ്ടെന്നു് അവന്നു തോന്നി. ഭാസിയുടെ മുഖത്തു വിടൎന്ന പുഞ്ചിരിയുടെ അൎത്ഥം മനസ്സിലാക്കിക്കൊണ്ടു് അച്ഛൻ പറഞ്ഞു:

"നിന്റെ മുഖത്തെ പുഞ്ചിരിപോലെത്തന്നെ, ഇന്ത്യയുടെ മുഖത്തെ പുഞ്ചിരിയാണു് നമുക്കു ലഭിച്ച സ്വാതന്ത്ര്യം. നമ്മുടെ പുരോഗതിയ്ക്കുമുമ്പിലുള്ള വിലങ്ങുതടികൾ മാററിനീക്കപ്പെട്ടിരിയ്ക്കുന്നു. ഇനി സ്വതന്ത്രഇന്ത്യയെ സമ്പൽസമൃദ്ധമായ ഒരു രാഷ്ട്രമായി കെട്ടിപ്പടുക്കുകയാണു് നമ്മുടെ കടമ. ആ കടമ നിറവേററുമ്പോഴേ നാം, സ്വാതന്ത്ര്യത്തിന്നുവേണ്ടി പൊരുതി മരിച്ച രക്തസാക്ഷികളോടു നമുക്കുള്ള കടമ നിറവേററിയതായി കണക്കാക്കിക്കൂടൂ. ഇന്ത്യയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചതിന്റെ വാർഷികം നാം ഓരോ കൊല്ലവും ആഘോഷിയ്ക്കാറുണ്ടല്ലോ."

"റിപ്പബ്ളിക്‌ദിനം, അല്ലെ അച്ഛാ?"

"അതെ-എല്ലാ ജനവരി 26-ാംനു-യും നാം റിപ്പബ്ളിക്‌ദിനം കൊണ്ടാടാറുണ്ടു്. അന്നുനാം ചെയ്യേണ്ടതു് നമ്മുടെ മഹത്തായ ഭരണഘടനയുടെ ലക്ഷ്യപ്ര

മാണങ്ങഠം നേടിയെടുക്കുന്നതിന്നുവേണ്ടി കഠിനമായി ദ്ധേലചെയ്യാൻ പ്രതിജ്ഞയെടുക്കുകയാണു്."

"ഞാൻ തീർച്ചയായും പ്രതിജ്ഞയെടുക്കും, അച്ഛാ."

"മോനെ-സ്വാതന്ത്ര്യഇന്ത്യയിൽ പിറന്ന കുഞ്ഞാണെന്നു് നിനക്കു് തീർച്ചയായും അഭിമാനിക്കാം. പക്ഷെ ഒരു കാര്യം: നിൻെറ കാരണവന്മാരുടെ പരിശ്രമഫലമായി ഇന്ത്യ സ്വാതന്ത്ര്യയായി. ഇനി ഈ സ്വാതന്ത്ര്യഇന്ത്യയെ മനോഹരമാക്കിത്തീർക്കേണ്ട ഭാരം നിങ്ങളെപ്പോലുള്ള കുട്ടികളുടെ ചുമലിലാണു്."

"അതിന്നു് ഞങ്ങളെന്തുചെയ്യണമച്ഛാ?"

"ഈ നാട്ടിന്നു് അഭിമാനിക്കാവുന്നവരായി വളരാൻ ശ്രമിക്കണം. അതാണു് വേണ്ടതു്. അതെങ്ങിനെയെന്നല്ലെ? ഒരു രാജ്യം ഉയരുന്നതും സമ്പൽസ്സമൃദ്ധമാവുന്നതും ആ രാജ്യത്തിലുള്ളവർ അദ്ധ്വാനശീലരും, സൽസ്വഭാവികളും ആയിത്തീരുന്നതുകൊണ്ടാണു്. ഇന്ത്യടെ അന്തസ്സ് ഉയർത്തിപ്പിടിക്കേണ്ട ചുമതല നാളത്തെ പൌരന്മാരായ കുട്ടികളുടെ ചുമലുകളിലാണു്. അതുകൊണ്ടു് ആദ്യമായി കുട്ടികഠം നല്ലവരാവണം. അവർ വീട്ടിന്നും നാട്ടിന്നും അഭിമാനിക്കാവുന്ന

വരായിത്തീരണം. നന്നായി പഠിക്കുക-നാട്ടുകാരെ സ്നേഹിക്കുക-നാടിനുവേണ്ടി പ്രവൃത്തിക്കുക. അതാണു് കുട്ടികഠം ചെയ്യേണ്ടതു്."

"അതെ-അച്ഛാ-ഞാൻ അങ്ങിനെ ചെയ്യാൻ തീരുമാനിച്ചുകഴിഞ്ഞു."

"അതു നല്ലതുതന്നെ-നിങ്ങഠം ശ്രമിച്ചാൽ ഈ നാടിനെ ഏററവും മനോഹരമാക്കിത്തീക്കാൻ കഴിയും. വലിയ വലിയ അണക്കെട്ടുകഠം നിർമ്മിക്കുകയും, കൂററൻ യന്ത്രശാലകഠം സ്ഥാപിക്കുകയും വേണം. ടാജ് മഹാളിനെപ്പോലുള്ള കലാശില്പങ്ങഠം സൃഷ്ടിക്കണം. അതിന്നു് കഴിവുള്ളവരായിത്തീരാൻ പരിശ്രമിക്കണം."

"ഞാൻ അങ്ങിനെ ശ്രമിക്കും അച്ഛാ!"

"എന്നാൽ നീ ഈ നാട്ടിന്നു് അഭിമാനിക്കാവുന്ന ഒരു പൌരനായിത്തീരും. അതിലധികം സന്തോഷം എനിക്കു മറെറാന്നില്ല. നമ്മുടെ വത്തമാനം വളരെ നീണ്ടുപോയി. ഇനി നീ പോയി കുറച്ചു കളിക്കൂ!"

ഭാസിയുടെ മുഖത്തു് എന്തെന്നില്ലാത്ത ഒരു പ്രസന്നത കളിയാടി. അവൻ ഇന്ത്യയെക്കുറിച്ചും ഇന്ത്യ

യിലെ ഏററവും വലിയ സമ്പത്തായ പാർലിമെണ്ടിനെക്കുറിച്ചും എന്തെല്ലാം കാര്യങ്ങൾ അറിഞ്ഞു! ഈ നല്ല കാൎയ്യങ്ങൾ മുഴുവൻ തന്റെ ചങ്ങാതിമാരോടും വിസ്തരിച്ചു പറഞ്ഞുകൊടുക്കണമെന്നു് അവൻ തീരുമാനിച്ചുകഴിഞ്ഞു. അവൻ കൂട്ടുകാരെത്തേടി കളിസ്ഥലത്തേക്കു് ഓടി.

---

അച്ചടി:
ഉദയാ പ്രസ്സ്, ചെപ്പുളശ്ശേരി

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

*Cl. No.* ര342 *Acc. No.* 4498

This book should be returned on or before the date last stamped below.

6 AUG 1972
24 JAN 1973
28 JAN 1977
26 OCT 1979
29 APR 1984
16 SEP 1984
12 NOV 1986

C
4498

C
342

നമ്പൂതിരി. ടി. കണ്ണ്
നമ്മുടെ ദേശങ്ങൾ

4498